REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 19-05-2026** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **തെരുവുനായ്ക്കളെ പൊതുസ്ഥലങ്ങളിൽ നിന്ന് നീക്കണമെന്ന മുൻ ഉത്തരവ് പിൻവലിക്കാനാവില്ലെന്ന് സുപ്രീകോടതി.**
- **16-ാം നിയമസഭയിലേക്ക് തെരഞ്ഞെടുത്ത അംഗങ്ങളുടെ സത്യപ്രതിജ്ഞ മറ്റന്നാൾ.**
- **KSRTC ബസ്സിലെ സ്ത്രീകളുടെ സൗജന്യയാത്ര കോർപറേഷന് അധിക ബാധ്യത വരുത്തുമെന്ന് LDF കൺവീനർ TP രാമകൃഷ്ണൻ.**
- **സംസ്ഥാനത്തെ എല്ലാ ഇന്ധന പമ്പുകളിലും ആവശ്യത്തിന് പെട്രോൾ- ഡീസൽ ശേഖരമുണ്ടെന്ന് പൊതുമേഖലാ എണ്ണക്കമ്പനികൾ.**
- **സംസ്ഥാനത്ത് ഇന്നും മഴ തുടരുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്.**

## വാർത്തകൾ വിശദമായി

തെരുവുനായ്ക്കളെ പൊതുസ്ഥലങ്ങളിൽ നിന്ന് നീക്കണമെന്ന മുൻ ഉത്തരവ് പിൻവലിക്കാനാവില്ലെന്ന് സുപ്രീകോടതി വ്യക്തമാക്കി. പിടികൂടുന്ന തെരുവുനായ്ക്കളെ വന്ധ്യംകരിച്ച് പേ വിഷബാധയ്ക്കെതിരായ വാക്സിൻ നൽകി പിടിച്ചയിടത്തു തന്നെ തിരികെ വിടാൻ പാടില്ലെന്നും ഡിവിഷൻബെഞ്ച് നിർദ്ദേശിച്ചു. ഇതു സംബന്ധിച്ച 2025 ലെ ഉത്തരവ് പരിഷ്ക്കരിക്കണമെന്ന ആവശ്യം കോടതി നിരസിച്ചു. നായ്ക്കളെ പ്രത്യേക ഷെൽറ്ററുകളിലാക്കണമെന്നും കോടതി നിർദ്ദേശിച്ചു.

വിമാനത്താവളങ്ങളിലും, ഹൗസിംഗ് കോളനികളിലുമുൾപ്പെടെ തെരുവുനായശല്യം അങ്ങേയറ്റം രൂക്ഷമായിരിക്കുന്നതായി കോടതി നിരീക്ഷിച്ചു. കുട്ടികൾക്കും പ്രായമായവർക്കും യാത്രക്കാർക്കും തെരുവുനായ ആക്രമണം നേരിടേണ്ടി വരുന്നത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. കോടതി നിർദ്ദേശങ്ങൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ കോടതിയലക്ഷ്യവും, അച്ചടക്ക നടപടിയും ഉണ്ടാകണമെന്നും ബെഞ്ച് ഉത്തരവിട്ടു. സംസ്ഥാനങ്ങളും, കേന്ദ്രഭരണ പ്രദേശങ്ങളും, നായ്ക്കളുടെ ജനന - നിയന്ത്രണ കേന്ദ്രങ്ങൾ ആരംഭിക്കണം. മതിയായ പേപ്പട്ടിവിഷ വാക്സിനും ലഭ്യമാക്കണമെന്നും നിർദ്ദേശിച്ച കോടതി, ദയാവധമടക്കം മാർഗ്ഗങ്ങൾ സ്വീകരിക്കാമെന്നും വ്യക്തമാക്കി. ഹൈക്കോടതികൾ ആവശ്യമെങ്കിൽ തെരുവുനായ ശല്യത്തിൽ നേരിട്ട് കേസെടുക്കണമെന്നും ഡിവിഷൻ ബെഞ്ച് ഉത്തരവ് നൽകി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയും നോർവീജിയൻ പ്രധാനമന്ത്രിയും ഇന്ത്യ-നോർവേ വ്യവസായ ഗവേഷണ ഉച്ചകോടിയിൽ പങ്കെടുത്തു. വിജയകരമായ ഉഭയകക്ഷി ചർച്ചകൾക്ക് ശേഷം ഇരുരാജ്യങ്ങളും തമ്മിൽ സാമ്പത്തിക സഹകരണം മെച്ചപ്പെടുത്തുന്ന മറ്റൊരു സുപ്രധാന നടപടിയായി യോഗം മാറി. ഇരുരാജ്യങ്ങളിൽ നിന്നും അമ്പതിലധികം കമ്പനികളുടെ CEO മാർ യോഗത്തിൽ പങ്കെടുത്തു.

ഇന്ത്യയിൽ നിലവിലെ ബിസിനസ്സ് സൗഹൃദ അന്തരീക്ഷത്തെ പ്രധാനമന്ത്രി മോദി പ്രത്യേകം പരാമർശിച്ചു. ഇന്ത്യയുടെ കഴിവുറ്റ യുവശക്തി, ശക്തമായ ബിസിനസ്സ് രീതികൾ, നിക്ഷേപ അനുകൂല നിയമ വ്യവസ്ഥകൾ എന്നിവ നോർവീജിയൻ കമ്പനികൾക്ക് മികച്ച അവസരങ്ങളാണ് നൽകുന്നതെന്ന് അദ്ദേഹം പറഞ്ഞു. കപ്പൽ നിർമ്മാണം, ആരോഗ്യരംഗത്തെ നവീകരണങ്ങൾ, ഹരിത സാങ്കേതികവിദ്യ തുടങ്ങിയ പ്രധാന മേഖലകളിൽ കൂടുതൽ നിക്ഷേപങ്ങൾ നടത്താൻ നോർവീജിയൻ കമ്പനികളെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു.

✪✪✪

അഞ്ച് രാജ്യങ്ങളിലെ സന്ദർശനത്തിന്റെ അവസാന പാദത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി രണ്ട് ദിവസത്തെ സന്ദർശനത്തിന് ഇന്ന് ഇറ്റാലിയൻ തലസ്ഥാനമായ റോമിലെത്തും. ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജ്ജിയ മെലോണിയുടെ ക്ഷണപ്രകാരമാണ് സന്ദർശനം.

ജോർജ്ജിയ മെലോണിയുമായി ഉഭയകകക്ഷി ചർച്ചകൾ നടത്തുന്ന നരേന്ദ്രമോദി പ്രസിഡന്റ് സെർജിയോ മാറ്ററെല്ലയുമായി കൂടിക്കാഴ്ചയും

നടത്തും. ഇറ്റലിയിലെ വ്യവസായ പ്രമുഖരുമായും നിക്ഷേപ സാഹചര്യങ്ങൾ അദ്ദേഹം ചർച്ച ചെയ്യും.

✪✪✪

സംസ്ഥാന ന്യൂനപക്ഷ കമ്മീഷനുകളുടെ സമ്മേളനം ന്യൂഡൽഹിയിൽ കേന്ദ്രമന്ത്രി കിരൺ റിജിജു ഉദ്ഘാടനം ചെയ്തു. കേന്ദ്രസഹമന്ത്രി ജോർജ് കുര്യനും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

16-ാം നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ മറ്റന്നാൾ സത്യപ്രതിജ്ഞ ചെയ്യും. അമ്പലപ്പുഴയിൽ നിന്ന് വിജയിച്ച G സുധാകരനെ പ്രോട്ടം സ്പീക്കറായി നിശ്ചയിച്ചു. അദ്ദേഹമാണ് പുതിയ അംഗങ്ങൾക്ക് സത്യവാചകം ചൊല്ലിക്കൊടുക്കുന്നത്. വെള്ളിയാഴ്ചയാണ് സ്പീക്കർ തെരഞ്ഞെടുപ്പ്. തിരുവഞ്ചൂർ രാധാകൃഷ്ണനാണ് ഭരണപക്ഷത്തിന്റെ സ്പീക്കർ സ്ഥാനാർത്ഥി.

MLA മാരുടെ സത്യപ്രതിജ്ഞ, സ്പീക്കർ തെരഞ്ഞെടുപ്പ് എന്നിവയ്ക്കായി പുതിയ നിയമസഭയുടെ പ്രത്യേക സമ്മേളനം ഈ മാസം 21,22 തീയ്യതികളിൽ ചേരും. ഇതിന് പ്രത്യേക സമ്മേളനം വിളിച്ചു ചേർക്കാൻ ഇന്നലെ ചേർന്ന ആദ്യ മന്ത്രിസഭാ യോഗം ഗവർണറോടു ശിപാർശ ചെയ്തു. മെയ് 29-ന് ഗവർണറുടെ നയപ്രഖ്യാപനം നടത്താനും മന്ത്രിസഭാ യോഗം ശിപാർശ ചെയ്തിട്ടുണ്ട്.

✪✪✪

സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ധവളപത്രം തയ്യാറാക്കുന്നതിന് സാമ്പത്തിക വിദഗ്ധരുടെ യോഗം ഇന്ന് തിരുവനന്തപുരത്ത് ചേരും. മുഖ്യമന്ത്രി VD സതീശന്റെ നിർദ്ദേശപ്രകാരമാണ് യോഗം. പത്ത് ദിവസത്തിനുള്ളിൽ സമിതി റിപ്പോർട്ട് ഗവണ്മെന്റിന് സമർപ്പിക്കുമെന്നാണ് കരുതുന്നത്.

✪✪✪

KSRTC ബസ്സിലെ സ്ത്രീകളുടെ സൗജന്യയാത്ര കോർപറേഷന് അധിക ബാധ്യത വരുത്തുമെന്ന് LDF കൺവീനർ TP രാമകൃഷ്ണൻ പറഞ്ഞു. ഇതുവഴിയുണ്ടാകുന്ന അധിക ബാധ്യത ആരു വഹിക്കുമെന്ന് അദ്ദേഹം ചോദിച്ചു. വരുമാനത്തിലെ കുറവ് എങ്ങനെ പരിഹരിക്കുമെന്നും, ശമ്പളം കൃത്യമായി നൽകാൻ കഴിയുമോ എന്നും ഗവണ്മെന്റ് ചിന്തിക്കണമെന്ന് TP രാമകൃഷ്ണൻ ആവശ്യപ്പെട്ടു.

✪✪✪

കേരളത്തിലുടനീളം എല്ലാ ഇന്ധന പമ്പുകളിലും ആവശ്യത്തിന് പെട്രോൾ-ഡീസൽ ശേഖരമുണ്ടെന്ന് പൊതുമേഖലാ എണ്ണ വിപണന കമ്പനികളായ ഇന്ത്യൻ ഓയിൽ കോർപ്പറേഷനും, ഭാരത് പെട്രോളിയം കോർപ്പറേഷനും, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷനും ജനങ്ങൾക്ക് ഉറപ്പുനൽകി.

ടെർമിനലുകളും ഡിപ്പോകളും മുതൽ ചില്ലറ വില്പന കേന്ദ്രങ്ങൾ വരെ സംസ്ഥാനത്തെ മുഴുവൻ ഇന്ധന വിതരണ ശൃംഖലയും യാതൊരു തടസ്സവുമില്ലാതെ സാധാരണ നിലയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് കേരളത്തിലെ എണ്ണ വ്യവസായ മേഖല, സംസ്ഥാനതല കോർഡിനേറ്റർ ഗീതിക മെഹ്റ പ്രസ്താവനയിൽ വ്യക്തമാക്കി.

✪✪✪

പശ്ചിമേഷ്യൻ പ്രതിസന്ധിയിൽ ഇറക്കുമതി തടസ്സങ്ങൾ ഉണ്ടായെങ്കിലും രാജ്യത്തെ റിഫൈനറികൾ സാധാരണ നിലയിൽ പ്രവർത്തിക്കുന്നുണ്ടെന്നും രാജ്യത്ത് ആവശ്യത്തിന് ക്രൂഡ് ഓയിൽ ശേഖരമുണ്ടെന്നും കേന്ദ്രം അറിയിച്ചു. രാജ്യത്ത് ഒരിടത്തും LPG തടസ്സപ്പെട്ട സാഹചര്യമില്ലെന്നും, പെട്രോളിയം വകുപ്പ് ജോയിന്റ് സെക്രട്ടറി സുജാതശർമ്മ വ്യക്തമാക്കി.

✪✪✪

ഇറാനെതിരായ ആക്രമണങ്ങൾ US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് തൽക്കാലത്തേക്ക് മാറ്റിയതോടെ രാജ്യത്തെ പ്രമുഖ ഓഹരി സൂചികകൾ നേട്ടത്തോടെ മുന്നേറി. ഇന്ന് സെൻസെക്സ് 366-പോയിന്റിലേറെ ഉയർന്ന് 75,706 ലും, നിഫ്റ്റി 107 പോയിന്റ് നേട്ടത്തോടെ 23,760 ലും എത്തി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത്" ഈ മാസം 31-ന്. പരിപാടിയുടെ 134-ാം പതിപ്പാണിത്. പരിപാടിയിലേക്ക് ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ, നമോ ആപ്പിലൂടെയോ, My gov ഓപ്പൺ ഫോറത്തിലൂടെയോ ഈ മാസം 29 വരെ സമർപ്പിക്കാം.

✪✪✪

സംസ്ഥാനത്ത് ഇന്നും മഴ തുടരുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് കാസർഗോഡ്, കണ്ണൂർ, ഇടുക്കി, എറണാകുളം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകി.

കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ കേന്ദ്രം മുന്നറിയിപ്പ് നൽകി.

✪✪✪

ഈ വർഷത്തെ പ്ലസ് ടു പരീക്ഷാഫലം അടുത്ത ചൊവ്വാഴ്ച പ്രഖ്യാപിക്കും. ഉച്ചകഴിഞ്ഞ് മൂന്നിനായിരിക്കും ഔദ്യോഗിക ഫലപ്രഖ്യാപനം. 'നമ്മുടെ കേരളം' ആപ്പിലൂടെ ഫലം തത്സമയം അറിയാം. ഔദ്യോഗിക വെബ്സൈറ്റുകളിലും ഫലം ലഭ്യമാകും.

✪✪✪

കണ്ണൂർ എടയന്നൂരിലെ ഷുഹൈബ് വധക്കേസിൽ തലശ്ശേരി അഡീഷണൽ സെഷൻസ് കോടതിയിൽ വിചാരണ ആരംഭിച്ചു. അഞ്ചു പ്രതികളെ ഒന്നാംസാക്ഷി തിരിച്ചറിഞ്ഞു. 2018 ഫെബ്രുവരി 12-ന് എടയന്നൂർ തെരൂരിലാണ് ഷുഹൈബിനെ കൊലപ്പെടുത്തിയത്. ജൂലായ് 10 വരെ നീളുന്ന വിചാരണയിൽ 142 സാക്ഷികളെ വിസ്തരിക്കും.

✪✪✪

മുൻ മുഖ്യമന്ത്രി E.K.നായനാർ ദിനാചരണം വൈകിട്ട് കല്യാശേരിയിൽ CPIM പോളിറ്റ് ബ്യൂറോ അംഗം പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. രാവിലെ പയ്യാമ്പലത്തെ E.K നായനാർ സ്മൃതി കുടീരത്തിൽ പുഷ്പാർച്ചനയ്ക്ക് CPIM നേതാക്കളായ M.V ജയരാജൻ, E.P ജയരാജൻ, P പി.ജയരാജൻ, ജില്ലാ സെക്രട്ടറി K.K. രാഗേഷ്, K.V. സുമേഷ് തുടങ്ങിയവർ നേതൃത്വം നൽകി.

നാളെ രാവിലെ മൊയാരം സ്മാരക അവാർഡ് മുൻമന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിക്ക്, പിണറായി വിജയൻ സമ്മാനിക്കും.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ഗോഹട്ടിയിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് FC, മുഹമ്മദൻ SC യെ നേരിടും. വൈകിട്ട് അഞ്ചിനാണ് മത്സരം.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്, ലഖ്നൗ സൂപ്പർ ജയന്റ്സിനെ നേരിടും. ജയ്പൂരിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

പാലക്കാട് കല്ലേക്കുളങ്ങര കഥകളിഗ്രാമം വാർഷികാഘോഷങ്ങൾക്ക് തുടക്കമായി. ഇന്നും നാളെയുമായി ചെമ്പൈ സ്മാരക സംഗീത കോളേജിൽ കഥകളികൾ അരങ്ങേറും.

പാലക്കാട് നിന്നും ഫൈസൽ അലിമുത്ത്...............

........വോയ്സ് ...........

✪✪✪

കണ്ണൂർ അഴീക്കോട് പുന്നക്കപ്പാറയിൽ പടക്കം പൊട്ടി വിദ്യാർഥി മരിക്കാൻ ഇടയായ സംഭവത്തിന്റെ CC TV ദൃശ്യം പുറത്തുവന്നു. പുന്നക്കപാറയിൽ ഉബൈദിന്റെ മകൻ അമാൻ ആണ് മരിച്ചത്. പടക്കത്തിന്റെ മരുന്ന് ശേഖരിച്ച് കളിക്കുന്നതിനിടെയാണ് സ്ഫോടനം ഉണ്ടായത്. ഗ്രൗണ്ടിൽ ഉണ്ടായത് കുട്ടികൾ മാത്രമെന്ന് വീഡിയോയിൽ വ്യക്തമാണ്.

✪✪✪

ലക്ഷദ്വീപിലെ ബംഗാരം ദ്വീപിൽ കടലിലുണ്ടായ അപകടത്തെത്തുടർന്ന് ഇന്ത്യൻ വ്യോമസേനാ വിങ് കമാൻഡർ ശ്രീരാജ് അന്തരിച്ചു. ബംഗാരം ദ്വീപിലെ പവിഴപ്പുറ്റുകൾക്കുള്ളിൽ ഇന്നലെ വൈകിട്ട് നീന്തുന്നതിനിടയിലായിരുന്നു അപകടം. ബംഗാരം ദ്വിപിൽ വിനോദ സഞ്ചാരത്തിനെത്തിയതായിരുന്നു അദ്ദേഹം.

തിരുവനന്തപുരം സ്വദേശിയായ ശ്രീരാജ് കവരത്തി ദ്വീപിലെ റഡാർ യുണിറ്റിലാണ് ജോലി ചെയ്തിരുന്നത്.

✪✪✪

കോഴിക്കോട് പേരാമ്പ്രയിൽ കാറിൽ തീപിടിച്ച് ഗർഭിണി മരിച്ച സംഭവത്തിൽ അന്വേഷണം പുരോഗമിക്കുന്നതായി പൊലീസ് പറഞ്ഞു. ചെറുവണ്ണൂർ കക്കറമുക്ക് പൂവത്തും ചാലിൽ റിജിൻലാലിന്റെ ഭാര്യ സോനയാണ് മരിച്ചത്.

✪✪✪

---

*News Editor & News reader : വികെ സുരേഷ്*
*News Team: അനിൽ ചന്ദ്രൻ, ശരണ്യ രാജൻ, പ്രവീൺ*
*DEO : ഷീബ*